(ഡി) ഏതെല്ലാം ദേശീയപാതകളാണ് നാലുവരിപ്പാതയാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്;

(ഇ) നിലവിൽ നാലുവരിപ്പാതയാക്കുമ്പോൾ വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് 3053 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ദേശീയപാത 17-ഉം 47-ഉം നാലുവരി പാതയാക്കുവാനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉത്തരം (എ) കാണുക.

(ഡി) സംസ്ഥാനത്തെ ദേശീയപാത 17-ഉം ദേശീയപാത 47-ൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയും നാലുവരിയാക്കുവാൻ ഉദ്ദേശ്യമുണ്ട്.

(ഇ) വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. പുനരധിവസിപ്പിക്കാൻ പദ്ധതികളില്ല.

എക്സ്പ്രസ്സ് ഹൈവേയുടെ അലൈൻമെന്റ്

19 [1389] ശ്രീ. ടി. എൻ. പ്രതാപൻ :
,, സി. പി. മുഹമ്മദ് :
ശ്രീമതി രാധാമാഘവൻ :
ശ്രീ. കെ. ബാബു :
,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സ്പ്രസ്സ് ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

പ്രാഥമിക പഠനങ്ങളിലൂടെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വിശദമായ പദ്ധതി പഠനത്തിലൂടെ മാത്രമേ അന്തിമ അലൈൻമെന്റ് തീരുമാനിക്കാനാവൂ.

ചേർത്തല-തിരുവനന്തപുരം നാലുവരി പാത

20 [1392] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-തിരുവനന്തപുരം നാലുവരി പാതയുടെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly